L2/09-057

# Malayalam: Valid combining mark contexts (Re: L2/08-411)

Cibu Johny <cibu@google.com> 2009-01-08

## Update 1: South Asia Subcommittee Report (L2/08-411)

**E.2.2**

*Recommendation:*

- uses of the chandrakalla sign for purposes other than a dead consonant should be clarified by the proposer; it is possible that U+0D4D MALAYALAM SIGN VIRAMA is not the most appropriate character to use in those contexts
- document in the standard that Malayalam base characters, dashes, digits, dotted circle and no-break space are appropriate bases for Malayalam combining characters, and that multiple right-side combining marks can be attached.

**Response from the author**

Even though the primary use of Chandrakkala sign is to remove inherent vowel from a Malayalam consonant, there are other secondary usages as well. For example, it is currently combined with U SIGN to indicate schwa sound. Example text:

പാലു്

പാലു് /pa ː lə/ meaning 'milk'

Usage of Chandrakkala sign on full vowels is quite similar. Currently in print, it is used to move the sound of the vowel towards schwa. To reflect the same meaning in Unicode, it is quite reasonable to allow this secondary usage of Virama over full vowels, just like the vowel signs. Encoding new characters may not be required.

# Introduction

Like in rest of the Indic, Vowel signs, Anuswara and Virama in Malayalam are combining marks that needs to have a valid base letter. Implementations support following <Base, Combining Mark> sequences as valid(see table below). This is in accordance with Unicode 5.1 view that:

"The virama sign nominally serves to suppress the inherent vowel of the consonant to which it is applied; it is a combining character..."

"A single consonant or a consonant cluster may have a dependent vowel applied to it to indicate the vowel quality of the syllable, when it is different from the inherent vowel."

| Combining Mark | Base | Example |
|---|---|---|
| Vowel Signs | Consonants | വു |
| Anuswara | Vowels, Consonants, Vowel Signs | എം, വം, വും |
| Virama | Consonants, U-sign | ക്, കു് |

# Extra contexts

However, other sequences are involving these combining marks are in use as shown in the scans attached to this document. To support that, we need to expand the valid bases for each combining mark with following cases:

| Combining Mark | Base | Reference in Scan |
|---|---|---|
| AA-Sign | Vowel signs, Digits, Dashes | D, F |
| II-Sign, UU-Sign | On itself(II-Sign, UU-Sign) | |
| Anuswara | Virama, Anuswara | B, E |
| Virama | Vowels, Vowel Signs | A, C |

To make implementations simple, all following can be considered valid base for all Malayalam combining marks:

- Any Malayalam letter
- Dashes
- Digits

# Independent Combining Marks

For rare, but valid purposes like in grammar books, there is a need to display combining marks independent of any visible base. As of today, there is no single valid implementation precedence is found. So it might be worth while to form a best practice on this. I am recommending that <any positive width space, combining mark> would display the combining mark as if it is rendered on a valid base letter.

# Scans



"ഇനി—" രവി പറഞ്ഞു.

അരയാലിലകളിൽ കാററു വീശി.

"ഖസാക്കിലിയ്ക്ക്," രവി പറഞ്ഞു.

ഏറുമാടങ്ങളിൽ ഒന്ന് സർവ്വത്തു പീടികയായിരുന്നു.

"രണ്ടു സർവ്വത്ത്," രവി പറഞ്ഞു.

"ഹായ്! ഞമ്മ്ക്ക് വേ്ണ്ടാ," ചുമട്ടുകാരൻ ഭംഗിവാക്കു പറഞ്ഞു.

"കഴിയ്ക്ക്യാ, കാർണോരെ," രവി ധൈര്യപ്പെടുത്തി. "ഇനി ബടന്നങ്ങട് ഇശ്ശി നടക്കണ്ടേ?"

വേവട പിടിപ്പിച്ച നരകപടത്തിനു മുമ്പിലിരുന്നുകൊണ്ട് പീടികക്കാരൻ ഗ്ലാസ്സുകൾ കലത്തിൽ മുക്കി കഴുകിവെച്ച് നന്നാരി സർവ്വത്തിന്റെ കുപ്പി തുറന്നു.

"ഷോട വേ്ണോ?"

"വേണ്ട. ഐസ്ണ്ടോ?"

"ഐശില്ല. പക്ഷെ, വെ്ള്ളം ഐശില്ം തണ്പ്പാണൂ."

ഒരു കവിൾ കുടിച്ചുനോക്കിയപ്പോൾ, നേരാണ്, പുതുമഴയുടെ ചുവയുള്ള വെള്ളം. അവിടെ ഒരു ബെഞ്ചിലിരുന്നുകൊണ്ട് രവി കൂമൻകാവിന്റെ ചിത്രമുൾക്കൊള്ളാൻ ശ്രമിച്ചു. നിലത്തറഞ്ഞ തേക്കിൻകുററികളിൽ കേററി നിർത്തിട്ടുള്ള നാലഞ്ച് ഏറുമാടങ്ങളായിരുന്നു കൂമൻകാവങ്ങാടി. പാതയവസാനിയ്ക്കുന്നേടം ചെറിയൊരു മൈതാനമായിരുന്നു. അതിനു ചുററു മാണ് ഏറുമാടങ്ങൾ കിടന്നത്. അവയുടെ പുറകിൽ തുവരക്കാടുകളിലും വാഴക്കൂട്ടങ്ങളിലും നഷ്ടപ്പെട്ട കുടിലുകൾ. അവയ്ക്കെല്ലാം മുകളിൽ ബലിഷ്ഠകായന്മാരായ മുത്തച്ഛന്മാരെപ്പോലെ പടർന്നുനിന്ന മാവുകൾ. നീലഞരമ്പോടിയ പരന്ന തണലുകൾ.

നരകപടത്തിൽ വീണ്ടും രവിയുടെ ശ്രദ്ധ പതിയുകയായി. വളരെ പഴക്കം ചെന്ന പടമാണെന്നു തോന്നി. അത്രയും കാലം തന്നെക്കാത്ത് അത് ഈ പീടികയിൽ കിടന്നിരിയ്ക്കണം. അരയാലിലകളിൽ കാററു പതിഞ്ഞുവീശി. രവി പീടികയ്ക്കകത്തെ ജാഡികളിലേയ്ക്കും കൃഷ്ണമണികളുള്ള ലമണേഡുകുപ്പികളിലേയ്ക്കും നോക്കി. മൂലയിൽ ഒരു പഴയ ഗ്രാമഫോൺ പെട്ടിയിരിയ്ക്കുന്നു. നായ്ക്കുട്ടിയുടെ ചിത്രമുള്ള അതിന്റെ കാളം പുറത്തേയ്ക്കു വിടർന്നു നിന്നു. ആ കാളത്തിലേയ്ക്കു നോക്കിയപ്പോൾ അയാൾ എന്തൊക്കെയോ ഓർമ്മിച്ചു. ഒന്നോ രണ്ടോ ഓർമ്മകളല്ല. കഥനസ്വഭാവമില്ലാത്ത ഓർമ്മകളുടെ വലിയൊരു മൂടൽമഞ്ഞ് തന്നെ സ്പർശിച്ചെന്നു തോന്നി.

പീടികക്കാരൻ ആളുകളെ വെറുതേ വിടുന്ന കൂട്ടത്തിലായിരുന്നില്ല. ഒരു ഗ്ലാസ് സർവത്തു കുടിച്ചുതീരുന്നതിനിടയിൽ രവി ഖസാക്കിലേയ്ക്കാണെന്നും അവിടുത്തെ മാസ്ററരാവാൻ പോവുകയാണെന്നുമൊക്കെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

"അപ്പോ അവടെ ഷ്കോള്ണ്ടോ?"

"ഞാൻ ചെന്നിട്ടുവേണം തൊടങ്ങാൻ."

രവി വിവരിച്ചു. ഏകാദ്ധ്യാപക വിദ്യാലയമാണ്. ജില്ലാബോർഡിന്റെ പുതിയ പദ്ധതിയാണ്.

"തളന്നോ?"കാരണവർ ചോദിച്ചു.

"ല്യ."

"എ്ന്തോ നെനച്ച് ന്ന്നു, ല്ലേ?"

"ഓ, ഒന്നൂല്യ."

കാരണവർ ചിരിച്ചു.

"എ്ന്നാ നടക്കീ,ങ്കുട്ടീ."

വീണ്ടും ഇറക്കമാണ്. അതു കഴിഞ്ഞാൽ ഒരു പറമ്പും പാടങ്ങളും. നിറയെ കരിമ്പനകൾ. ഉച്ച തിരിഞ്ഞിരുന്നു. കാററു വീശാൻ തുടങ്ങി. ചുരം കടന്ന് പാലക്കാടൻ കരിമ്പനക്കാടുകളിലേയ്ക്കു വീശുന്ന കിഴക്കൻ കാററാണത്.

വളരെ ഉയരത്തിൽ ഒരു പക്ഷി ചൂളം വിളിച്ചു. കാരണവർ ചെവിയോർത്തു.

"ന്നോ നാള്യോ മഷ പെയ്യും." അയാൾ പറഞ്ഞു. മഴ വരാനിരിയ്ക്കുമ്പോഴാണ് മാണിയൻ ചൂളമിടുക.

മഴയെപ്പററിയാണ് സംസാരം. ഒന്നു മൂളിക്കൊടുത്താൽ മതി, കാരണവർ ഉത്സാഹത്തോടെ പറഞ്ഞുകൊള്ളും. മഴ മനുഷ്യനെ കറക്കാതിരുന്ന കാലമുണ്ടായിട്ടില്ല.

"അതല്ലേ കുട്ടീ ഈ മായ?"

രവിയ്ക്കു പെട്ടെന്ന് തൻെറ കാവിമുണ്ടിൻെറ കാര്യം ഓർമ്മ വന്നു. വിദഗ്ദ്ധാഭിപ്രായമാവശ്യപ്പെടുകയാണ് കാരണവർ. വേദാന്തം ഇത്തിരി പ്രയോഗിച്ചാലെന്തെന്ന് രവിയ്ക്കും തോന്നാതെയല്ല. പക്ഷെ, വേണ്ടെന്നു വെച്ചു. വയ്യ. ക്ഷീണമാണ്. എങ്ങനെയെങ്കിലും നടന്നു സങ്കേതമണയട്ടെ.

ചോദ്യത്തിനു രവി മറുപടി പറഞ്ഞു, "മായേന്ന്യാന്ന് വെച്ചോളു."

മറുപടി കാരണവരെ നിരാശപ്പെടുത്തി. എങ്കിലും കാരണവർ തുടർന്നു, "മലമ്പൊഷ അണ കെട്ടി വെള്ളം തിരിയ്ക്ക്ംന്നൊക്കെ പറയിണ്ണ്ട്. ഇല്ലാത്ത മഷനെ പെയ്യിക്കാനോ പെയ്ണ മഷനെ തട്ക്കാനോ മൻക്ഷൻ കൂട്ട്യാ കൂടോാന്നും, കുട്ടീ?"

"നേരാ, പക്ഷെ, അണ കെട്ട്യാപ്പിന്നെ മഴേ ത്ര പേടിയ്ക്കണ്ടാലോ."

അതു പറയരുതായിരുന്നു. രസക്കയറു പൊട്ടി.

"എ്ന്തോപ്പാ," കാരണവർ പറഞ്ഞു. ആളുകൾ പറയുന്നു, പുന്നപ്പാറയിലെ രണ്ടു മലകളെ കരിങ്കൽചുമരുകൊണ്ടു ബന്ധിയ്ക്കുമെന്ന്. കടലിലേയ്ക്കൊഴുകുന്ന മലമ്പുഴ തടഞ്ഞുനിർത്തി ഖസാക്കിലേയ്ക്കു വെള്ളം തിരിയ്ക്കുമെന്ന്. കാലവർഷത്തിൻെറ ശാഠ്യം മനുഷ്യൻ തിരുത്തുമെന്നു ധരിച്ചാൽ—കണ്ടുതന്നെയറിയണം. പോരെങ്കിൽ, അങ്ങനെ ചെയ്യാമോ ആവോ. ഈശ്വരൻെറയും മനുഷ്യൻെറയും ബലാബലങ്ങളുടെ തുലനമാണവിടെ.

ഒരു ചവിട്ടടിപ്പാത കോണോടുകോണായി പാടം മുറിച്ചു കിടന്നു.

"ദാ, ബടെത്തന്നെ," കാരണവർ പറഞ്ഞു.

അവരുടെ മുമ്പിൽ ഇടതിങ്ങിവളർന്ന ഒരു മരക്കുടിലായിരുന്നു. അതിൻെറ വിടവുകളിലൂടെ മഞ്ഞയും തവിട്ടും ചുവപ്പുമായി മേൽപ്പുരകൾ കാണാമാ

യിരുന്നു. വെയിലിനെ മങ്ങിച്ച ഒരു മേഘം നീങ്ങിയപ്പോൾ നിറങ്ങൾ തെളിഞ്ഞു. ചവിട്ടടിപ്പാതകൾ നാട്ടുകാര്യസ്ഥന്മാരെപ്പോലെ നാലു ഭാഗത്തേയ്ക്കും പൊയ്ക്കൊണ്ടിരുന്നു. തോട്ടുവക്കത്തു മേഞ്ഞുനടന്നൊരു കരിമ്പോത്ത് കൊമ്പുകളെടുത്തുപിടിച്ച് രവിയെ നോക്കി മുക്രയിട്ടു. മരക്കുടിലിനകത്തു നിന്ന് ആരോ നീളത്തിലീണത്തിൽ വിളിച്ചു, “ഖദീസാ— ഖദീസോാാ!”

ഖസാക്കിനു പുറകിലുയർന്ന ചെതലിമലയുടെ വാരികളിൽ കാട്ടുതേനിന്റെ വലിയ തവിട്ടുപാടുകൾ രവി കണ്ടു. ചെതലിമലയെ തുടർന്ന ങ്ങോട്ടു കിഴക്കൻ മലകളാണ്. ചവററിലക്കിളികൾ, മണിപ്രാവുകൾ, വണ്ണാത്തിപ്പുള്ളുകൾ, എന്തെല്ലാമോ കുറുകുന്നു. ഒരു ദേവിയാൻ പാമ്പ് വഴി മുറിച്ച് കാരപ്പൊന്തയിലേയ്ക്കു കേറി. ദൂരെയെവിടെയോ കാക്കകൾ ററൊഡാക്ററെലുകളെപ്പോലെ വെയിലിന്റെ സ്ഫടികകമാനത്തിലേയ്ക്കു നിലവിളിച്ചു പൊങ്ങി.

തേവാരത്തു ശിവരാമൻനായരുടെ ചെറിയൊരു ഞാററുപുരയിലായിരുന്നു ഏകാദ്ധ്യാപകവിദ്യാലയം. രണ്ടു മുറി, വരാന്ത, പുറകിൽ താഴ്വാരം. വാതിൽ തുറന്നപ്പോൾ മണ്ണിന്റെയും നെല്ലിന്റെയും മണം വന്നു. നാലഞ്ചു ബഞ്ചുകൾ, കസേല, മേശ, ബോഡ്, ഗാന്ധിജിയുടെയും ഹിററ്ലറുടെയും ഹനൂമൽ പാദരുടെയും വർണ്ണപടങ്ങൾ. ഇതൊക്കെ ശിവരാമൻനായരുടെ സംഭാവനയായി കാലേകൂട്ടി കരുതിവെച്ചിരുന്നു.

“ഷ്കോളങ്ങ്ട് തൊടങ്ങട്ടെ, മേഷ്ഷേ,” ശിവരാമൻനായർ പറഞ്ഞു, “പിന്നെപ്പിന്നെ നമക്ക് ശർവ്വോം സൗകിരിയാക്കാ.”

രവി ഒന്നു മൂളുക മാത്രം ചെയ്തു.

“മേഷ്ഷ്ക്ക് ഇബടത്തന്നെ പാർക്കാ.”

“ഉം.”

“നൊമ്പടെ വീട്ടില്യ്ക്ക് വിളിയ്ക്കുവാടന്നു ഞാൻ. പക്ഷെ...”

“നല്ല കാര്യായി ശിവരാമൻനായരേ. ഈ ചെയ്തതൊക്കെത്തന്നെ ശ്ശി ധാരാളായി.”

“നമോ നമ! നൊമ്പളാൽ കഴിണത്...”

രണ്ടു ഗോമാങ്ങ, നനഞ്ഞു പരന്ന നാലിഡ്ഡലി, മുളകുപൊടി, എരുമപ്പാലൊഴിച്ചു കൊഴുപ്പിച്ച കാപ്പി ഒരു കൂജ നിറയെ. ഇത്രയും വെച്ചാണ് ശിവരാമൻനായർ തിരിച്ചുപോയത്. വിശക്കുന്നുണ്ടായിരുന്നു. അതുകാരണം നല്ല രുചി തോന്നി.

സ്കൂളിനു ചുററും പത്തുപതിനഞ്ചു കുട്ടികൾ വട്ടം തട്ടി നിന്നു. കുട്ടികളെ തിരിച്ചു വിളിക്കാനെന്ന ഭാവത്തിൽ കുറേ പെണ്ണുങ്ങളും അവിടെ വന്നു നില്പായി. വലിയ ചുണ്ടുകളും പതിഞ്ഞ മൂക്കുമുള്ള ഒരെണ്ണമൈലി. വാലു വെച്ചു കണ്ണെഴുതിയ ഒരു മദ്ധ്യവയസ്ക. തുടകൾ പററെ കാണുവോളം ചേല മടക്കിക്കുത്തി കുഞ്ഞിനു മുല കൊടുത്തുകൊണ്ടു നിന്ന ഒരു ചെട്ടിച്ചി. അപ്പോഴാണ് ആ കുള്ളനായ കുതിരത്തലയനെ രവി കണ്ടത്. കുട്ടിയോ മുതിർന്ന മനുഷ്യനോ എന്നു നിർണ്ണയിക്കാൻ വയ്യ. ഒരു പച്ചത്തുമ്പിയെ

രാ, നീ ആ കൊട്ടൊന്ന് നിർത്ത്." മൃഗങ്ങൾ പല തവണ പറഞ്ഞിട്ടും ഡിങ്കൻകഴുത കേട്ടില്ല. ഡിങ്കന്റെ ചെണ്ടകൊട്ട് കാരണം മൃഗങ്ങളെല്ലാം പൊറുതിമുട്ടി.

അങ്ങനെയിരിക്കെ പാച്ചൻതേനീച്ച ഈ വിവരങ്ങളെല്ലാം അറിഞ്ഞു. "നിങ്ങൾ വിഷമിക്കേണ്ട. ഡിങ്കൻകഴുതയുടെ ശല്യം ഞാൻ മാറ്റിത്തരാം." പാച്ചൻതേനീച്ച പറഞ്ഞു. അവൻ എന്തുചെയ്തെന്നോ, കൂട്ടുകാരെയും കൂട്ടി ഡിങ്കന്റെ അടുത്ത് ഒളിച്ചിരുന്നു.

ഡിങ്കൻകഴുത പതിവുപോലെ ചെണ്ടയെടുത്ത് കൊട്ടാൻ തുടങ്ങി. "ഡം! ഡം!"

പക്ഷേ എന്തുപറ്റി? ഒളിച്ചിരുന്ന പാച്ചൻതേനീച്ചയും കൂട്ടുകാരും "ഊoooooo...." എന്ന് മൂളിക്കൊണ്ട് വന്ന് ഡിങ്കൻകഴുതയെ കുത്താൻ തുടങ്ങി.

"ഹെൻറമ്മേ!" പേടിച്ചുപോയ ഡിങ്കൻ

കഴുത
യും
ലം വി
ചെണ്ട
ഷോൾ
കാരും
ചെണ്ട
കഴുത
ട്ടം. പി
കണ്ടിട്ടി



Madhyamam - Windows Internet Explorer

http://www.madhyamamonline.in/news_archive_details.asp?id=1&nid=19976

# മാധ്യമം

Online Edition Saturday, September 13, 2008

ഹോം >> ദേശീയം >> വിശദാംശങ്ങള്‍

വാര്‍ത്തകള്‍

ദേശീയം

F

**ഒറീസയില്‍ 355ാം വകുപ്പ് പ്രയോഗിച്ചിട്ടില്ല : കേന്ദ്രം**

ന്യൂദല്‍ഹി: ക്രൈസ്തവര്‍ക്കു നേരെ സംഘ്പരിവാര്‍ നടത്തിയ ആക്രമണം നിയന്ത്രിക്കുന്നതിലും ക്രമസമാധാനം നിലനിര്‍ത്തുന്നതിലും പരാജയപ്പെട്ട ഒറീസ സര്‍ക്കാറിന് ഭരണഘടനയുടെ 355ാം വകുപ്പ് പ്രകാരം താക്കീതു നല്‍കിയെന്ന വാര്‍ത്ത കേന്ദ്രസര്‍ക്കാര്‍ നിഷേധിച്ചു. 355ാം വകുപ്പ് പ്രയോഗിക്കുന്ന കാര്യം മന്ത്രിസഭക്ക് അറിയില്ലെന്നും അത്തരമൊരു തീരുമാനമെടുത്തിട്ടില്ലെന്നും വാര്‍ത്താവിതരണ പ്രക്ഷേപണ മന്ത്രി പ്രിയരഞ്ജന്‍ദാസ് മുന്‍ഷി വ്യക്തമാക്കി.

ഭരണഘടനാപരമായ ഉത്തരവാദിത്തം നിര്‍വഹിക്കുന്നതില്‍ വീഴ്ച വരുത്തരുതെന്ന് ഒറീസ സര്‍ക്കാറിന് കേന്ദ്രം 355ാം വകുപ്പ് പ്രകാരം രേഖാമൂലം നിര്‍ദേശം നല്‍കിയെന്നാണ് രണ്ട് മലയാള പത്രങ്ങളില്‍ കഴിഞ്ഞ ദിവസം വാര്‍ത്ത വന്നത്. 355, 356 വകുപ്പുകള്‍ അത്യപൂര്‍വമായി മാത്രം സംസ്ഥാനങ്ങള്‍ക്ക് മേല്‍ കേന്ദ്രം പ്രയോഗിക്കുന്ന അധികാരമാണ്. 355ാം വകുപ്പ് പ്രയോഗിക്കുന്നത് സംസ്ഥാന സര്‍ക്കാറിന് ശാസനാ രൂപത്തില്‍ നല്‍കുന്ന നിര്‍ദേശമാണ്. രാഷ്ട്രപതി ഭരണം ഏര്‍പ്പെടുത്താന്‍ കേന്ദ്രത്തിനുള്ള അധികാരം നല്‍കുന്നതാണ് 356ാം വകുപ്പ്.

Local intranet 100%